# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :1226 11.02.2016 ൽ മറുപടിയ്ക്ക്

**ഭൂരഹിതർക്ക് ഭൂമി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.കെ.ജയചന്ദ്രൻ<br>ശ്രീമതി.കെ.എസ്.സലീഖ<br>ശ്രീ.കെ.കെ.നാരായണൻ<br>ശ്രീ.കെ. ദാസൻ | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |

| | | |
|---|---|---|
| (എ) | ഭൂരഹിതരായ കുടുംബങ്ങളെ കണ്ടെത്തുന്നതിന് സർവ്വേയോ പഠനങ്ങളോ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ; സംസ്ഥാനത്തെ ഭൂരഹിതരായ പട്ടികജാതി - പട്ടികവർഗ്ഗ കുടുംബങ്ങളെ സംബന്ധിച്ച കണക്ക് ലഭ്യമാണോ; | ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ സംസ്ഥാനത്തെ ഭൂരഹിതരുടെ എണ്ണം സംബന്ധിച്ച ആധികാരിക രേഖ ഇല്ലായിരുന്നു. ആയതിനാൽ സംസ്ഥാനത്തെ ഭൂരഹിത കുടുംബങ്ങളെ കണ്ടെത്തുന്നതിനായി അപേക്ഷകൾ ക്ഷണിച്ചു. ലഭ്യമായ അപേക്ഷകളിൽ, വിവിധ തലത്തിലുള്ള അന്വേഷണം നടത്തിയാണ് പദ്ധതിയുടെ ഗുണഭോക്താക്കളെ കണ്ടെത്തിയത്. 2,43,928 ഭൂരഹിത കുടംബങ്ങളെ പദ്ധതിയുടെ ഗുണഭോക്താക്കളായി തെരഞ്ഞെടുത്തിരുന്നു. ഇതിൽ ഉൾപ്പെട്ടിട്ടുള്ള പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ എണ്ണം ജില്ലതിരിച്ച് ചുവടെ ചേർക്കുന്നു. |

| ജില്ല | പട്ടികജാതി ക്കാർ | പട്ടികവർഗ്ഗ ക്കാർ |
|---|---|---|
| തിരുവനന്തപുരം | 6585 | 34 |
| കൊല്ലം | 3363 | 19 |
| പത്തനംതിട്ട | 1779 | 68 |
| ആലപ്പുഴ | 1513 | 86 |
| കോട്ടയം | 1115 | 119 |
| ഇടുക്കി | 2543 | 63 |

| | | |
|---|---|---|
| എറണാകുളം | 4128 | 182 |
| തൃശ്ശൂർ | 4792 | 23 |
| പാലക്കാട് | 4229 | 311 |
| മലപ്പുറം | 3695 | 195 |
| കോഴിക്കോട് | 456 | 15 |
| വയനാട് | 285 | 862 |
| കണ്ണൂർ | 799 | 73 |
| കാസർഗോഡ് | 566 | 176 |
| **ആകെ** | **35848** | **2226** |

| | | |
|---|---|---|
| (ബി) | ഭൂരഹിതർക്ക് ഭൂമി നൽകുന്നതിന് പ്രഖ്യാപിച്ച പദ്ധതി ലക്ഷ്യം നേടാൻ കഴിയാതെ പോയതിന്റെ കാരണങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; | പദ്ധതിയുടെ ഒന്നാംഘട്ട പട്ടയവിതരണം പൂർത്തീകരിച്ചപ്പോൾ കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ അർഹരായി കണ്ടെത്തിയ മുഴുവൻ ഗുണഭോക്താക്കൾക്കും ഭൂമി നൽകിക്കൊണ്ട് ടി ജില്ലകളെ ഭൂരഹിതരില്ലാത്ത ജില്ലകളാക്കാൻ കഴിഞ്ഞു. രണ്ടാംഘട്ട പട്ടയവിതരണം ആരംഭിച്ചതോടെ ഇടുക്കി ജില്ലയിലേയും മുഴുവൻ ഗുണഭോക്താക്കൾക്കും പദ്ധതി പ്രകാരം ഭൂമി അനുവദിച്ച് കഴിഞ്ഞിട്ടുണ്ട്. മറ്റ് ജില്ലകളിലെ പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിച്ചു വരികയാണ്. |
| (സി) | ഭൂമിക്കുവേണ്ടി സംസ്ഥാന വ്യാപകമായി നടന്ന പ്രക്ഷോഭത്തെ തുടർന്ന് സർക്കാർ അംഗീകരിച്ച ഒത്തു തീർപ്പ് വ്യവസ്ഥകൾ എന്തെല്ലാമായിരുന്നു; അത് നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ടോ; | മേൽപ്രകാരമുള്ള രേഖകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | സമരത്തിന്റെ ഭാഗമായി ചൂണ്ടിക്കാണിക്കപ്പെടുകയും കുടിൽകെട്ടുകയും ചെയ്ത മിച്ച ഭൂമി ഏറ്റെടുക്കുന്നതിന് നാളിതുവരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | സർക്കാർ മിച്ചഭൂമികൾ നിയമാനുസൃത മാർഗ്ഗത്തിലൂടെയാണ് ഏറ്റെടുക്കുന്നത്. |

C.K.V. Kunhi

സെക്ഷൻ ഓഫീസർ